**No. CEE/4796/M.Sc (MLT)/2017/TA4**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

# <u>എം.എസ്.സി. (എം.എൽ.റ്റി) കോഴ്സിലേയ്ക്കുള്ള</u>

# <u>പ്രവേശന പരീക്ഷ 2017</u>

1. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെയും കോഴിക്കോടുള്ള മിംമ്സ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിലെയും എം.എസ്.സി(എം.എൽ.റ്റി) 2017 കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **<u>പ്രവേശനത്തിനുള്ള യോഗ്യതകൾ</u>:**

(a) **<u>വിദ്യാഭ്യാസ യോഗ്യതകൾ</u>:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നോ KUHS ന്റെ അംഗീകാരമുള്ള മറ്റേതെങ്കിലും സർവ്വകലാശാലകളിൽ നിന്നോ ബി.എസ്.സി എം.എൽ.റ്റി കോഴ്സിന് 50%-ൽ കുറയാതെ മാർക്ക് (എല്ലാ വർഷവും ഉൾപ്പെടെ) ലഭിച്ച് വിജയിച്ചവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്.

(b) **<u>നേറ്റിവിറ്റി</u>:** അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

3. **<u>വയസ്സ്</u>:** പ്രവേശന പരീക്ഷയ്ക്ക് വേണ്ടി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന തീയതിയിൽ (28.11.2017 )ജനറൽ വിഭാഗത്തിൽപ്പെടുന്നവർക്ക് ഉയർന്ന പ്രായ പരിധി 40 വയസ്സും സർവ്വീസ് ക്വാട്ടാ അപേക്ഷകരുടെ ഉയർന്ന പ്രായ പരിധി 48 വയസ്സും ആയിരിക്കും.

4. **<u>തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും</u>:** സർവ്വീസ് വിഭാഗം ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകരും പ്രവേശന പരീക്ഷാ കമ്മീഷണർ തിരുവനന്തപുരത്ത് വച്ച് നടത്തുന്ന പ്രവേശന പരീക്ഷ എഴുതിയിരിക്കണം. പ്രവേശന പരീക്ഷാ തീയതി പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. പ്രവേശന പരീക്ഷ 3 മണിക്കൂർ ദൈർഘ്യമുള്ളതും (10.00 am -01.00 pm) 200 ചോദ്യങ്ങളുള്ളതും ഒബ്ജക്ടീവ് മാതൃകയിലുള്ളതുമായിരിക്കും. പ്രവേശന പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ ജനറൽ, കാറ്റഗറി വിഭാഗങ്ങൾ ഉൾപ്പെട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്.

5. **<u>അപേക്ഷ സമർപ്പിക്കേണ്ട വിധം</u>:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകർക്കും <u>www.cee.kerala.gov.in</u> എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പൊതു അപേക്ഷാഫോം ഉപയോഗിച്ച് 28.11.2017 മുതൽ 08.12.2017 വൈകുന്നേരം 5 മണി വരെ **ഓൺലൈനായി** അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ അപേക്ഷകൻ തങ്ങളുടെ ഫോട്ടോഗ്രാഫ്, ഒപ്പ്, ബന്ധപ്പെട്ട രേഖകൾ എന്നിവ സ്കാൻ ചെയ്ത് പ്രോസ്പെക്ടസ് ക്ലോസ് 8.4.4 ലെ നിബന്ധനകൾക്കനുസൃതമായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. **<u>ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതില്ല</u>.** അപേക്ഷ ഫോം, പ്രോസ്പെക്ടസ് എന്നിവ മെഡിക്കൽ കോളേജുകളിൽ നിന്നോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നോ ലഭിക്കുന്നതല്ല.

6. **അപേക്ഷാ ഫീസ്:** ജനറൽ/സർവ്വീസ് വിഭാഗത്തിന് 1000/- രൂപയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 500/- രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷ ഫീസ് ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേയിലൂടെ ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് മുഖേനയോ, ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റോഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

7. **സർവ്വീസ് വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ:** സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനു പുറമെ അപേക്ഷയുടെ പ്രിന്റൗട്ട് പ്രോസ്പെക്ടസ് ക്ലോസ് 8.4.4-ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം **08.12.2017 വൈകുന്നേരം 5 മണി**യ്ക്ക് മുൻപ് കൺട്രോളിംഗ് ആഫീസർക്ക് (ഡി.എം.ഇ) സമർപ്പിക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്നതും ന്യൂനതകളുള്ളതും അപൂർണ്ണവുമായ അപേക്ഷകൾ നിരസ്സിക്കുന്നതാണ്.

8. **അഡ്മിറ്റ് കാർഡ്:** പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

9. **പ്രവേശന പരീക്ഷ:** പ്രവേശന പരീക്ഷയുടെ സ്കീം, സിലബസ്സ് തുടങ്ങി വിദ്യാർത്ഥികൾക്കുള്ള പൊതുവായ നിർദ്ദേശങ്ങളെല്ലാം സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ക്ലോസ് 9-ൽ ലഭ്യമാണ്.

10. **റാങ്ക് ലിസ്റ്റ്:** പ്രവേശന പരീക്ഷയിൽ പങ്കെടുത്ത് നിശ്ചിത യോഗ്യത നേടുന്ന ജനറൽ വിഭാഗത്തിലെ അപേക്ഷാർത്ഥികളുടെ റാങ്ക് ലിസ്റ്റും പരീക്ഷയിൽ യോഗ്യത നേടിയ സർവ്വീസ് വിഭാഗത്തിലെ അപേക്ഷാർത്ഥികൾ ഉൾപ്പെടുന്ന പ്രത്യേക റാങ്ക് ലിസ്റ്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ (www.cee-kerala.org) പ്രസിദ്ധീകരിക്കുന്നതാണ്. സർവ്വീസ് വിഭാഗത്തിൽ അപേക്ഷിച്ചവർ പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യതയായ 40% മാർക്ക് നേടിയിരിക്കണം.

11. **പ്രവേശനം:** സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ്, പ്രവേശനം എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ, സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

12. സർക്കാർ അംഗീകരിച്ച്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതും www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതുമായ 2017 ലെ എം.എസ്.സി(എം.എൽ.റ്റി) കോഴ്സിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിലുള്ള വ്യവസ്ഥകൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് എല്ലാ അപേക്ഷകരും ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
28.11.2017